**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചോറോട് ഗ്രാമപഞ്ചായത്തിലെ ലിക്വിഡേഷനിലായ അളവക്കൽ സ്മാരക വീവേഴ്സ് വ്യവസായ സഹകരണ സംഘത്തിന്റെ 44 സെന്റ് സ്ഥലവും കെട്ടിടവും 2005 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിയ്ക്കലും കയ്യൊഴിയ്ക്കലും) ചട്ടങ്ങളിലെ ചട്ടം 3,5 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഏറ്റെടുക്കുന്നതിന് ചോറോട് ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.835/2020/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി :07.05.2020.

പരാമർശം - 1)സ. ഉ.(സാധാ)നം. 925/15/ വ്യവ തീയതി 08/ 09/2015

2)പഞ്ചായത്ത് ഡയറക്ടറുടെ 18/11/2019-ലെ PAN/14566/2018-C2(DP)നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിലെ അളവക്കൽ സ്മാരക വീവേഴ്സ് വ്യവസായ സഹകരണ സംഘത്തിന്റെ ലിക്വിഡിലേഷനിലായ 44 സെന്റ് സ്ഥലവും കെട്ടിടവും ഏറ്റെടുക്കാൻ ചോറോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചതനുസരിച്ച് സൊസൈറ്റിയുടെയും സർക്കാരിന്റെയും 31,75,714/- രൂപ ബാധ്യത അടയ്ക്കണം എന്ന ഉപാധിയോടെ 44 സെന്റ് സ്ഥലവും കെട്ടിടവും ചോറോട് ഗ്രാമപഞ്ചായത്തിന് കൈമാറാൻ അനുമതി നൽകി പരാമർശം (1) പ്രകാരം വ്യവസായ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കാൻ അപര്യാപ്തമാണെങ്കിലും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണ് എന്നും സംഘത്തിന്റെ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും മൂല്യമായ 40,74,692/-രൂപയിൽ അധികരിക്കാതെ, സംഘത്തിന്റെ കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ് ഡയറക്ടർ നിശ്ചയിക്കുന്ന ബാധ്യത നൽകി സ്ഥലവും കെട്ടിടവും ഏറ്റെടുക്കാൻ അനുമതി നൽകുന്ന പക്ഷം ആവശ്യമായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ശേഷി ഉണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1)ഉത്തരവിന്റെയും പരാമർശം(2)റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ലിക്വിഡേഷനിലായ ചോറോട് ഗ്രാമപഞ്ചായത്തിലെ അളവക്കൽ സ്മാരക വീവേഴ്സ് വ്യവസായ സഹകരണ സംഘത്തിന്റെ 44 സെന്റ് സ്ഥലവും കെട്ടിടവും 2005 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിയ്ക്കലും കയ്യൊഴിയ്ക്കലും) ചട്ടങ്ങളിലെ ചട്ടം 3,5 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഏറ്റെടുക്കുന്നതിന് ചോറോട് ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**സബിത എസ്. ഡി.**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ചോറോട് ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വ്യവസായ വകുപ്പ്/റവന്യൂ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (ആർ.സി1/98/2016/ത.സ്വ.ഭ.വ.)/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ